# Sweeping a Particular Place and Earth

## ***ദേശത്തിന്റെയും ഭൂമിയുടേയും അടിച്ചുവാരൽ***




ദൈവം ഒരു അടിച്ചുവാരൽ നടത്തുമ്പോൾ കൃപ ലഭിച്ചവരെ , രക്ഷപെടുവാൻ ആഗ്രഹിക്കുന്നവരെ അവൻ രക്ഷിയ്ക്കും. ഭൂമിയെയോ,ഒരു പ്രത്യേക ദേശത്തെയോ അടിച്ചുവാരുന്നതിന് മുൻപു തന്നെ മുന്നറിയിപ്പുകൾ നൽകുവാൻ ദൈവം ചില വ്യക്തികളെയോ, ആരുമില്ലെങ്കിൽ തന്റെ ദൂതന്മാരെയോ ദൈവം അയയ്ക്കുന്നു. എല്ലാ മുഖാന്തിരങ്ങളും അവഗണിക്കുന്നവർ നാശത്തിന് ഇരകളാകുന്നു.

ഭക്തനെന്ന് സ്വയം കരുതിയ ഒരു യുവാവാണ് ഫിന്നി , ഒരിക്കൽ കപ്പലിൽ അവൻ യാത്രചെയ്യുമ്പോൾ കാറ്റും കോളും മൂലം കപ്പൽ ആടിഉലഞ്ഞു , കപ്പൽ തകരുമെന്ന ഭയത്താൽ യാത്രക്കാർ ഭയന്ന് നിലവിളിച്ചു. കപ്പൽ തകർന്ന് തന്നെ ദൈവം രക്ഷിക്കുമെന്ന് വിശ്വസിച്ചിരുന്ന ഫിന്നി തകർന്ന കപ്പലിന്റെ പുറത്തായി നിലവിളിച്ചു . രക്ഷിക്കണേ എന്ന നില വിളി കേട്ട ദൈവം കുറേ പൊങ്ങുതടികളയച്ചു , അതിൽ പിടിച്ചവരെല്ലാം തിരമാലയുടെ സഹായത്തോടെ കരയ്ക്കെത്തി . ഫിന്നിയുടെ കൂട്ടുക്കാരൻ പല ആവർത്തി പറഞ്ഞിട്ടും ദൈവം രക്ഷിയ്ക്കുമെന്ന് പറഞ്ഞ് അത് തിരസ്ക്കരിച്ചു . തുടർന്ന് വള്ളക്കാരും , പായ്കപ്പലുകാരും അവനെ രക്ഷിപ്പാൻ വിളിച്ചു പക്ഷേ ഫിന്നി ഒന്നിനും തയാറായില്ല. ക്രമേണ ഫിന്നി തന്റെ ജീവനെ തിരമാലകൾക്ക് കീഴ്പ്പെടുത്തി മരണശേഷം സ്വർഗ്ഗ വാതിൽക്കലെത്തിയവൻ ഒരു ചോദ്യം ദൈവവത്തോട് ചോദിച്ചു നീ എന്നെ രക്ഷിക്കാഞ്ഞതെന്ത് ? അവന്റെ പരാതി കേട്ട ദൈവം പറഞ്ഞു ഞാൻ പലരെ നിന്റെ അടുക്കൽ അയച്ചു.എന്നാൽ നീ അതെല്ലാം തള്ളിക്കള

ഞ്ഞു. ദൈവം തരുന്ന ഉപദേശം, സഹായം ഇവ സ്വീകരിച്ചാൽ ഏത് അടിച്ചുവാരൽ നടന്നാലും അങ്ങനെയുള്ളവർ രക്ഷപെടും .

ഭൂമിയെ അടിച്ചുവാരാൻ താൻ കല്പിച്ചാക്കിയ പ്രകൃതിയെ ദൈവം ഉപയോഗിച്ചത് മഴ എന്തെന്ന് ജനം അറിയാത്തകാലത്ത് തന്നെ ആയിരുന്നു. മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായിപ്പോഴും ദോഷം ഉള്ളതെന്ന് ദൈവം കണ്ടു. അതിനാൽ ഭൂമിയെ അടിച്ചു വാരുവാൻ ദൈവം ആഗ്രഹിച്ചു. സകല ജഢവും ഭൂമിയിൽ തന്റെ വഴി വഷളാക്കി എന്ന് കണ്ട ദൈവം ഭൂമിയെ അവരോടൊപ്പം നശിപ്പിച്ചു . നശിപ്പിക്കുന്നതിനു മുമ്പ് തന്റെ കൃപയ്ക്ക് പാത്രമായ നോഹയെ രക്ഷാദൗത്യത്തിനുള്ള പെട്ടകത്തിന്റെ ചുമതല ഏല്പിച്ചു ഭൂമിയിലെ മാലിന്യം അടിച്ചുവാരിയത് നോഹയിൽക്കൂടെ ഒരു പുതിയ തുടക്കത്തിനായിരുന്നു. രക്ഷപെട്ടത് എട്ടുപേർ മാത്രം. ആദാമിനു നൽകിയ വാഗ്ദത്തം നോഹയിലൂടെ ദൈവം പുനരാവിഷ്ക്കരണം നടത്തി .

മിസ്രേം ദേശത്തു നിന്നും തന്റെ ജനത്തെ രക്ഷിപ്പാൻ ദൈവം മോശയെ അയച്ചു താൻ സർവ്വശക്തനെന്ന് കാട്ടുവാനായി അടിച്ചുവാരലിനു മുൻപ് ബാധകൾ അയച്ചു അവിടെ നിന്ന് യിസ്രായേൽ പുറപ്പെടുമ്പോൾ നഷ്ടം മിസ്രേമ്യർക്കായിരുന്നു മിസ്രേം എന്ന ഇരുമ്പുലയിടെ നടുവിൽ നിന്ന് ദൈവം വിടുവിച്ച് കൊണ്ടു വന്ന ജനത്തെ ചെങ്കടൽ എന്ന സൃഷ്ടിയുടെ സഹായത്തോടെ രക്ഷിക്കുകയും ശത്രുവിനെ പൂർണ്ണമായി നശിപ്പിക്കുകയും ചെയ്തു.

തീയാൽ ദൈവം അടിച്ചു വാരിയ ദേശമാണ് സോദോം ,ഗോമറ നീതിയുള്ള ന്യായധിപതി തീയിറക്കും മുൻപ് സംഗതിയുടെ സത്യാവസ്ഥ കണ്ടെത്തിയിരുന്നു. തീയും ,ഗന്ധകവും യഹോവയുടെ സന്നിധിയിൽ നിന്നു തന്നെ ഇറങ്ങിയാണ് ഉന്മൂലനാശം വരുത്തിയത് (ഉല്പ 19:25)

മ്ലേച്ഛതകൾ വർദ്ധിച്ച ഈ അന്ത്യകാലത്ത് അടുത്ത തൂത്തുവാരൽ എന്ന് നടക്കുമെന്ന് ആർക്കും നിശ്ചയമില്ല . ആകാശവും ഭൂമിയും തീയിക്കായി സൂക്ഷിച്ചിരിക്കുന്നു. (2 പത്രോ:3:6,7) അന്ത്യകാലത്തെ ഭൂമിയുടെ അടിച്ചുവാരൽ എന്നത് കർത്താവിന്റെ രണ്ടാം വരവിനെ കാണിയ്ക്കുന്നു. Read വെളി :(8:3-5) ലോകം സഭകളിൽ കടന്ന് , ഭവനങ്ങളിൽ കടന്ന് അനേകർ നഷ്ടപ്പെടുമ്പോൾ ഒരു അടിച്ചുവാരൽ അനിവാര്യമാണ് . ലോകത്തിന്റെ മലിനതയിൽ മൂടപ്പെട്ടവരെ മലിനത മാറ്റി രക്ഷിച്ചെടുക്കുവാൻ വചനം നമ്മെ സഹായിക്കുന്നു. പുറപ്പെടുക ദൈവം കൂടെയുണ്ട്.

*ശാന്തമ്മ വർഗ്ഗീസ്*

**Santhamma Varghese**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg